**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - തിരുവനന്തപുരം നഗരസഭ - പേട്ട വില്ലേജിൽ - നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടത്തിൻറെ ക്രമവൽക്കരണം - കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- 1. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 28.02.2022 ലെ FE5/9965/2021 നമ്പർ കത്തും ഉള്ളടക്കവും.

2. Sr. Superior, Visitation Congriation Convent 10.03.2022-ൽ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ് നമ്പർ TCPTVM/89/2022-D തീയതി 17/03/2022</u>**

തിരുവനന്തപുരം നഗരസഭയിലെ പേട്ട വില്ലേജിൽ സർവ്വേ നമ്പർ 1790/9-1-12, 9-1-12-1 - ൽ പ്പെട്ട 4047 ച.മീ. സ്ഥലത്ത് നിലവിലുള്ള റസിഡൻഷ്യൽ കെട്ടിടത്തിന് സമീപം ലേ-ഔട്ട് അപ്രൂവൽ വാങ്ങാതെ നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടത്തിൻറെ ലേ ഔട്ട് അനുമതിയ്ക്കായി സൂചന (1) പ്രകാരം ലഭ്യമായിരിക്കുന്ന അപേക്ഷയുടെയും സൂചന (2) പ്രകാരം Sr. Superior, Visitation Congriation Convent, സമർപ്പിച്ച അപേക്ഷയുടെയും അടിസ്ഥാനത്തിൽ KMBR ചട്ടങ്ങൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും, താഴെ ചേർത്തിരിക്കുന്ന നിബന്ധനകൾക്കും വിധേയമായി മാസ്റ്റർപ്ലാനിലെ മേഖലാ നിയന്ത്രണത്തിൽ നിന്നുമുള്ള കൺകറൻസും, KMBR-30 പ്രകാരം കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരവും നൽകി ഇതിനാൽ ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമാണം കെ.എം.ബി.ആർ.2019-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. നിർമ്മാണ സ്ഥലത്തിൽ നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാക്കുകയുമരുത്.

8. നിർമാണം കെ.പി.ബി.ആർ. 2019 ചട്ടം 79-നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
9. CRZ, ഫയർ തുടങ്ങിയ അജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
10. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
11. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്
12. നിർദ്ദിഷ്ട നിർമ്മാണം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്.
13. KMBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
14. KMBR 2019 ചട്ടം 26 പ്രകാരം ആവശ്യമായ setbacks ലഭ്യമായിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
15. KMBR 2019 ചട്ടം 42 പ്രകാരം ആവശ്യമുള്ള, disabled person-ന് വേണ്ടിയുള്ള റാമ്പ് നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**10 /2022- നമ്പരായുള്ള അംഗീകരിച്ച ലേ-ഔട്ട് പ്ലാൻ (ഒരു സെറ്റ്) ഉള്ളടക്കം ചെയ്യുന്നു.**

ANJU W.C
DEPUTY TOWN PLANNER
TOWN PLANNER (i/c)

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്:

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

പകർപ്പ്: അപേക്ഷകൻ, (അറിവിലേയ്ക്കായി)

Sr. Superior,
Visitation Congriation Convent,
Valiyathura, Vallakadavu,
Thiruvananthapuram.

2)കരുതൽ ഫയൽ

3)ഫയൽ.